ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ നീതിന്യായ സംവിധാനം നേരിടുന്ന സുപ്രധാന വെല്ലുവിളിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Draupadi Murmu said that disposal of pending cases is a major challenge facing the judicial.**

2. രാജ്യത്തെ ജി എസ് ടി വരുമാനത്തിൽ പത്ത് ശതമാനം വർദ്ധന.

   **Ten percent increase in GST revenue in the country.**

3. ഗസ മേഖലയിൽ 90 ശതമാനം കുട്ടികൾക്ക് അടിയന്തരമായി പോളിയോ പ്രതിരോധ കുത്തിവയ്പ്പ് നൽകണമെന്ന് ലോകാരോഗ്യ സംഘടന.

   **The World Health Organization said at least 90 percent of children under ten must be immunised against polio in a short time frame.**

4. കേരളത്തിൽ മറ്റന്നാൾ വരെ മഴ തുടരും. കേരള- കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

   **Rain to continue in Kerala till Wednesday. Fishing is prohibited in Kerala-Karnataka-Lakshadweep coasts today.**

5. പാരീസ് പാരാലിമ്പിക്സിൽ 200 മീറ്റർ ടി-35 ഇനത്തിൽ വെങ്കല മെഡൽ നേട്ടവുമായി ഇന്ത്യയുടെ പ്രീതി പാൽ.

   **India's Preeti Pal wins bronze medal in 200m T-35 event at Paris Paralympics.**

**&&&&&&&&&&&&&&&**

## PRESIDENT NEWDELHI

കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ നീതിന്യായ സംവിധാനം നേരിടുന്ന സുപ്രധാന വെല്ലുവിളിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേസുകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് അതത് അധികാര സ്ഥാപനങ്ങൾ യോജിച്ചു പ്രവർത്തിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ജില്ലാ ജുഡീഷ്യറിയുടെ ദ്വിദിന ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

സുപ്രീംകോടതി പ്രവർത്തനങ്ങൾ നീതിന്യായ വ്യവസ്ഥയിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചതായും രാഷ്ട്രപതി പറഞ്ഞു. ചടങ്ങിൽ സുപ്രീം കോടതിയുടെ അധികാര മുദ്രയും പതാകയും രാഷ്ട്രപതി അനാവരണം ചെയ്തു.

**&&&&&&&&&&&&&&&**

## GST COLLECTION

രാജ്യത്തെ ജി എസ് ടി വരുമാനം കഴിഞ്ഞ മാസം വരെ 1.75 ലക്ഷം കോടി രൂപയായി. കഴിഞ്ഞ വർഷം ഇതേ കാലയളവിലെ വരുമാനത്തെക്കാൾ 10 ശതമാനമാണ് വർധന രേഖപ്പെടുത്തിയിരിക്കുന്നത്. മുൻ വർഷം ഇത് 1.59 ലക്ഷം കോടി രൂപയായിരുന്നു. റീഫണ്ടുകൾക്ക് മുൻപ്, കേന്ദ്ര ജിഎസ്ടി വരുമാനം 30,862 കോടി രൂപയും സംസ്ഥാന ജി എസ് ടി ഇനത്തിൽ 38,411 കോടി രൂപയുമാണ് ലഭിച്ചത്. ഇറക്കുമതിയിലെ IGSTയും അന്തർ സംസ്ഥാന വിൽപനയും

93,621 കോടി രൂപയിലെത്തി. ആഭ്യന്തര ഇടപാടുകളിൽ നിന്നുള്ള ആകെ വരുമാനം 1.25 ലക്ഷം കോടി രൂപയാണ്.

&&&&&&&&&&&&&&&

## PIB-FACTCHECK

കൗശൽ ഭാരത് കുശാൽ ഭാരത് യോജനയ്ക്ക് കീഴിൽ ഉപഭോക്തൃ സേവന പ്രതിനിധികളെ നിയമിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പദ്ധതിയിലൂടെ ജനങ്ങൾക്ക് 28,000 രൂപയുടെ ഓണറേറിയം വിതരണം ചെയ്യുമെന്ന റിപ്പോർട്ടുകളും അടിസ്ഥാന രഹിതമാണെന്നും പി ഐ ബി ഫാക്ട് ചെക്ക്. നിയമനങ്ങൾക്ക് മുന്നോടിയായി 1,350 രൂപ രജിസ്ട്രേഷൻ ഫീസ് നൽകണമെന്ന വാർത്തയും മന്ത്രാലയം തള്ളി.

&&&&&&&&&&&&&&&

## NUTRITION WEEK (INTRO)

ഇന്നലെ ആരംഭിച്ച ദേശീയ പോഷകാഹാര വാരാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ സെപ്റ്റംബർ 7 വരെയാണ് വാരാചരണം സംഘടിപ്പിക്കുന്നത്. സെപ്റ്റംബർ 1 മുതൽ 30 വരെ പോഷണ മാസമായും ആചരിക്കുന്നു. രാജ്യത്തെ എല്ലാ ജനങ്ങളുടെയും, പ്രത്യേകിച്ച് സ്ത്രീകൾ, കുഞ്ഞുങ്ങൾ എന്നിവരുടെ ആരോഗ്യവും ക്ഷേമവും നിലനിർത്തുന്നതിൽ പോഷകാഹാരത്തിന്റെ സുപ്രധാന പങ്കിനെക്കുറിച്ച് അവബോധം വളർത്തുകയാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

## NUTRITION WEEK (VOICE)

ഫുഡ് ആൻഡ് ന്യൂട്രീഷൻ ബോർഡുമായി സഹകരിച്ച് വനിതാ ശിശു വികസന മന്ത്രാലയം സംഘടിപ്പിക്കുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടിയിലൂടെ ആരോഗ്യകരമായ ഭക്ഷണ ശീലം പ്രോത്സാഹിപ്പിക്കുകയും പോഷകാഹാരത്തിന്റെ പ്രാധാന്യം എടുത്തുകാട്ടുകയും ചെയ്യുന്നു. രാജ്യത്തുടനീളമുള്ള ഭക്ഷ്യ സംസ്കാരങ്ങളുടെ സമ്പന്നമായ വൈവിധ്യത്തിന്റെ ആഘോഷം കൂടിയാണിത്. **'എല്ലാവർക്കും പോഷകാഹാരം'** എന്നതാണ് ഇത്തവണത്തെ പോഷകാഹാര വാരാചരണത്തിന്റെ പ്രമേയം. **"ശരിയായ പോഷകാഹാരം രാജ്യത്തെ പ്രകാശമാനമാക്കുന്നു"** എന്ന ആശയത്തെ അധിഷ്ഠിതമാക്കി നിരവധി പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നത്. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുക, പോഷകാഹാരങ്ങളെ കുറിച്ച് അവബോധം വളർത്തുക, ആരോഗ്യപരമായ പ്രാദേശിക ഭക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തങ്ങൾ കാര്യക്ഷമമായി നടത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാനാണ് കേന്ദ്രസർക്കാർ ശ്രമം. പോഷൺ ഭീ, പഠായി ഭീ എന്ന സന്ദേശം മുൻനിർത്തി എല്ലാ അംഗണവാടികളിലും നാളെ മുതൽ ന്യൂട്രിഷൻ പ്രതിജ്ഞ എടുക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&&**

## BJP MEMBERSHIP

ബി.ജെ.പി യുടെ അംഗത്വ വിതരണ പദ്ധതിയായ **സദ്സ്യത അഭിയാൻ** 2024 ന് ഇന്ന് ഡൽഹിയിൽ തുടക്കമാകും. പാർട്ടി അധ്യക്ഷൻ ജെ.പി.നഡ്ഡയിൽ നിന്ന് പ്രധാനമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ നരേന്ദ്രമോദി അംഗത്വം പുതുക്കി സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതോടെയാണ് ക്യാമ്പെയ്ൻ ആരംഭിക്കുന്നത്. ഈമാസം 25 വരെയാണ് പദ്ധതിയുടെ ആദ്യഘട്ടം. നിലവിലുള്ള എല്ലാ അംഗങ്ങളും ഈ അവസരത്തിൽ അംഗത്വം പുതുക്കേണ്ടതാണ്. അഞ്ചു മുതൽ ആറു വർഷം വരെ കൂടുമ്പോഴാണ് ബി.ജെ.പിയുടെ അംഗത്വം പുതുക്കൽ പദ്ധതി നടക്കുന്നത്.

&&&&&&&&&&&&&&&

## GAZA POLIO VACCINATION

ഗസ മേഖലയിൽ പോളിയോ വാക്സിനേഷൻ യജ്ഞത്തിന് തുടക്കമായി. 6 ലക്ഷത്തി 40,000 കുട്ടികൾക്ക് പ്രതിരോധ മരുന്ന് ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. വാക്സിനേഷനായി ദിവസവും എട്ട് മണിക്കൂർ നേരത്തേക്ക് വെടിനിർത്തലിന് ധാരണയായി. ഗസയിലുടനീളം മൂന്ന് വ്യത്യസ്ത മേഖലാടിസ്ഥാനത്തിൽ മൂന്ന് ദിവസം യുദ്ധം നിർത്തിവെക്കാനാണ് ഇസ്രായേൽ സൈന്യവും ഹമാസും ധാരണയിലെത്തിയത്. 10 വയസ്സിന് താഴെയുള്ള 90 ശതമാനം കുട്ടികൾക്ക് എങ്കിലും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് നൽകണമെന്ന് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചു.

&&&&&&&&&&&&&&&

## IRANIAN - HELICOPTER CRASH

ഇറാനിയൻ പ്രസിഡന്റ് ഇബ്രാഹിം റൈസിയും വിദേശകാര്യ മന്ത്രിയും കൊല്ലപ്പെട്ട ഹെലികോപ്ടർ അപകടത്തിന് കാരണം മോശം കാലാവസ്ഥയാണെന്ന് പ്രാഥമിക കണ്ടെത്തൽ. അപകടത്തെ കുറിച്ച് അടുത്തിടെ നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തി സേന വിഭാഗങ്ങളുടെ ജനറൽ സ്റ്റാഫ് അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. സാങ്കേതിക തകരാർ, അട്ടിമറി എന്നീ കാരണങ്ങൾ അന്വേഷണ സംഘം തള്ളി. കാലാവസ്ഥയിൽ പെട്ടെന്ന് ഉണ്ടായ മാറ്റങ്ങൾ അപകടത്തിലേക്ക് നയിച്ചെന്നാണ് കണ്ടെത്തൽ. മെയ് 19 നാണ് ഇറാനിയൻ പ്രസിഡന്റും വിദേശകാര്യ മന്ത്രിയും മരിക്കാൻ കാരണമായ ഹെലികോപ്ടർ അപകടം ഉണ്ടായത്.

&&&&&&&&&&&&&&&

## KARNATAKA-VANDE BHARAT

വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ പരീക്ഷണ ഓട്ടം നടത്തുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മൂന്ന് മാസത്തിനുള്ളിൽ യാത്രക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബെംഗളൂരുവിലെ ബി.ഇ.എം എല്ലിൽ സ്ലീപ്പർ കോച്ച് ഉൾപ്പെടുത്തി പുതുതായി നിർമ്മിച്ച വന്ദേ ഭാരത് ട്രെയിൻ സന്ദർശിക്കുകയായിരുന്നു അദ്ദേഹം. വന്ദേ ഭാരത് മെട്രോയും പരീക്ഷണ ഘട്ടത്തിലാണെന്ന് മന്ത്രി അറിയിച്ചു. തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച വന്ദേ ഭാരതിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 16 കോച്ചുകളും 823 ബെർത്തുകളുമുണ്ടാകും.

&&&&&&&&&&&&&&&

## WORLD COCONUT DAY

ഇന്ന് ലോക നാളികേര ദിനം. "സർക്കുലർ സമ്പദ് വ്യവസ്ഥയ്ക്കായി നാളികേരത്തിന്റെ മൂല്യം പരമാവധി വർധിപ്പിക്കുന്നതിന് കൂട്ടായ്മകൾ കെട്ടിപ്പടുക്കുക" എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടി കൊച്ചിയിൽ മന്ത്രി പി രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. 500 ഓളം കർഷകരും, സംരംഭകരും പരിപാടിയിൽ പങ്കെടുക്കും.

**&&&&&&&&&&&&&&&**

## PM - AP & TELANGANA CM

കനത്ത മഴയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആന്ധ്രാപ്രദേശ് - തെലങ്കാന മുഖ്യമന്ത്രിമാരുമായി സംസാരിച്ചു. ഇരു സംസ്ഥാനങ്ങളിലെയും സ്ഥിതിഗതികൾ അദ്ദേഹം ചോദിച്ചറിഞ്ഞു. വെള്ളപ്പൊക്ക ദുരിതം മറികടക്കാൻ കേന്ദ്രത്തിൽ നിന്ന് സാധ്യമായ എല്ലാ സഹായവും പ്രധാനമന്ത്രി ഉറപ്പ് നൽകി.

**&&&&&&&&&&&&&&&**

## GUJARAT RAIN

ശക്തമായ മഴയെ തുടർന്ന് ഗുജറാത്തിലുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം മന്ത്രിതല സംഘത്തിന് രൂപം നൽകി. പ്രളയബാധിത ജില്ലകളിൽ സംഘം ഉടൻ സന്ദർശനം നടത്തും. കനത്ത മഴ നാശം വിതച്ച ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, നാഗാലാൻഡ് തുടങ്ങിയ

സംസ്ഥാനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ഗുരുതര നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്ത ഇടങ്ങളിൽ കേന്ദ്രസംഘത്തെ നിയോഗിക്കുമെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ദുരിതബാധിത സംസ്ഥാനങ്ങൾക്ക് സാധ്യമായ എല്ലാ സഹായവും കേന്ദ്രം ഉറപ്പു വരുത്തുമെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&

## ANDHRA - TELENGANA RAIN

ആന്ധ്രപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ ശക്തമായ മഴ തുടരുന്നു. തെലങ്കാനയിൽ എല്ലാ പ്രൈമറി, സെക്കൻഡറി സ്കൂളുകൾക്കും ഇന്ന് അവധി നൽകി. ആന്ധ്രാപ്രദേശിൽ വെള്ളക്കെട്ട് രൂക്ഷമായതിനെ തുടർന്ന് ജനജീവിതം സ്തംഭിച്ചു. ഇരു സംസ്ഥാനങ്ങളിലും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനും രക്ഷാപ്രവർത്തനത്തിനുമായി ദേശീയ ദുരന്തനിവാരണ സേനയുടെ ഇരുപത്തിയാറ് സംഘങ്ങളെ വിന്യസിച്ചിട്ടുണ്ട്. ദക്ഷിണ മധ്യ റെയിൽവേ ശൃംഖലയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ വെള്ളം കയറിയതിനെ തുടർന്ന് 99 ട്രെയിനുകൾ പൂർണ്ണമായും നാല് ട്രെയിനുകൾ ഭാഗികമായും റദ്ദാക്കിയിരുന്നു. അൻപതിലേറെ ട്രെയിനുകൾ വഴിതിരിച്ചുവിടുകയും ചെയ്തു.

&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ മറ്റന്നാൾ വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥയെ തുടർന്ന് കേരള-കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&

## REV. PARALYMPICS

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യക്ക് ഏഴാം മെഡൽ. അത്‌ലറ്റിക്സിൽ വനിതകളുടെ 200 മീറ്റർ **T-35** ഇനത്തിൽ ഇന്ത്യയുടെ പ്രീതി പാൽ വെങ്കല മെഡൽ നേടി. 30.01 സെക്കൻഡുകളിൽ ഏറ്റവും മികച്ച പ്രകടനമാണ് പ്രീതി ഇന്നലെ കാഴ്ചവെച്ചത്. മെഡൽ നേട്ടത്തോടെ പാരാലിമ്പിക്സ് രണ്ട് വ്യക്തിഗത മെഡൽ നേടുന്ന ഇന്ത്യൻ വനിത പാരാ അത്‌ലറ്റ് എന്ന നേട്ടവും പ്രീതി സ്വന്തമാക്കി. ചരിത്ര നേട്ടം കൈവരിച്ച പ്രീതി പാലിനെ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു. പുരുഷന്മാരുടെ ഹൈ ജംപ് **T-47** ഇനത്തിൽ ഇന്ത്യയുടെ നിഷാദ് കുമാർ വെള്ളി മെഡൽ നേടിയിരുന്നു. പാരാലിമ്പിക്സിൽ അഞ്ചാം ദിവസമായ ഇന്ന് അമ്പെയ്ത്ത്, ബാഡ്മിന്റൺ എന്നീ ഇനങ്ങളിലാണ് ഇന്ത്യക്ക് മെഡൽ പ്രതീക്ഷ. മെഡൽ പട്ടികയിൽ ചൈനയാണ് മുന്നിൽ. ഇന്ത്യ 27-ാം സ്ഥാനത്താണ്.

&&&&&&&&&&&&&&&

## WYND - RE ENTRY

വയനാട് ഉരുൾപൊട്ടൽ ദുരന്തം അതിജീവിച്ച മുണ്ടക്കൈ-ചൂരൽമല സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പുന:പ്രവേശനോത്സവം ഇന്ന് നടക്കും. മേപ്പാടി ഗവ ഹയർ സെക്കൻഡറി സ്കൂളിൽ മന്ത്രി വി. ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും. വെള്ളാർമല ജി.വി.എച്ച്.എസ് മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും മുണ്ടക്കൈ ജി.എൽ.പി സ്കൂൾ മേപ്പാടി

ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. വെള്ളാർമല സ്കൂളിലെ 546 കുട്ടികൾക്കും മുണ്ടക്കൈ സ്കൂളിലെ 61 കുട്ടികൾക്കുമാണ് അധിക സൗകര്യം ഒരുക്കിയത്. ഉരുൾപൊട്ടലിൽ നഷ്ടമായ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളുടെ വിതരണവും വിദ്യാഭ്യാസ മന്ത്രി നിർവ്വഹിക്കും.

&&&&&&&&&&&&&&&&

## PM - UMESH UPADHYAY

മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ഉമേഷ് ഉപാധ്യായയുടെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ഡൽഹിയിലെ വസന്ത് കുഞ്ചിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ നാലാം നിലയിൽ നിന്ന് വീണതിനെ തുടർന്നായിരുന്നു അന്ത്യം. ഉമേഷ് ഉപാധ്യായയുടെ വിയോഗം മാധ്യമലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## P S SREEDHARAN PILLA

പോസിറ്റീവായി കൂടി ചിന്തിക്കേണ്ട മേഖലയാണ് സിനിമയെന്ന് ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള. പി.വി. സാമി മെമ്മോറിയൽ ഇൻഡസ്ട്രിയൽ ആന്റ് സോഷ്യോ കൾച്ചറൽ അവാർഡ് ഗോകുലം ഗോപാലന് കോഴിക്കോട് സമ്മാനിക്കുകയായിരുന്നു അദ്ദേഹം. കുറ്റക്കാരെ വ്യവസ്ഥാപിത മാർഗത്തിലൂടെ ശിക്ഷിക്കാനും മാറ്റിയെടുക്കാനും സാധിക്കണമെന്നും സിനിമ മേഖലയുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലായിരിക്കണം ഉദ്യമങ്ങളെന്നും ശ്രീ ശ്രീധരൻ പിള്ള പറഞ്ഞു. മന്ത്രി പി.എ. മുഹമ്മദ് റിയാസ്, എം.കെ. രാഘവൻ എം.പി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

&&&&&&&&&&&&&&&

# MEA BANGLADESH VISA

ആറ് ബംഗ്ലാദേശി വിദ്യാർത്ഥി നേതാക്കൾക്ക് ഇന്ത്യയിലേക്ക് പ്രവേശനം നിഷേധിച്ചെന്ന വാർത്ത വ്യാജമാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇത്തരത്തിൽ ഒരു വിലക്ക് ഇന്ത്യ ഏർപ്പെടുത്തിയിട്ടില്ലെന്ന് മന്ത്രാലയം അറിയിച്ചു. ചില മാധ്യമങ്ങളിൽ വിലക്ക് സംബന്ധിച്ച വാർത്തകൾ വന്ന സാഹചര്യത്തിലാണ് വിശദീകരണം.

&&&&&&&&&&&&&&&&&&&&&&&&&&
&&&&&